**ശ്രദ്ധ ക്ഷണിക്കൽ**

## നിവേദിതാ പി. ഹരൻ റിപ്പോർട്ട്

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഇതിനുമുമ്പും ഈ കാര്യങ്ങൾ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ജനജീവിതം തുടരുവാൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി നിവേദിതാ പി. ഹരന്റെ റിപ്പോർട്ട് മരവിപ്പിച്ച് പുന:പ്പരിശോധനയ്ക്ക് വിധേയമാക്കണമെന്നതാണ് എന്റെ ആവശ്യം. ഇവിടെ നിവേദിതാ പി. ഹരന്റെ റിപ്പോർട്ട് ഇപ്പോൾ പി.ഹരന്റെ റിപ്പോർട്ടായാണ് അവിടുത്തെ ജനങ്ങൾ കാണുന്നത്. അവിടെ ഇപ്പോൾ വിവാഹ ബന്ധങ്ങൾ നടക്കുന്നില്ല. ക്രയവിക്രയങ്ങളോ കൊടുക്കൽ വാങ്ങലുകളോ നടക്കുന്നില്ല. കടം കൊടുക്കാൻ ആരും തയ്യാറാകുന്നില്ല, ബാങ്ക് വായ്പകൾ ലഭിക്കുന്നില്ല, വായ്പകൾ പുതുക്കാൻപോലും കഴിയുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിരോധനമേർപ്പെടുത്തിയിരിക്കുന്നു. മണ്ണെടുക്കുന്നതിനോ മണൽ വാരുന്നതിനോ കഴിയുന്നില്ല. കല്ലെടുക്കാൻ കഴിയുന്നില്ല. ഭവന പദ്ധതികളുൾപ്പെടെ ഒരു പ്രവർത്തനവും നടക്കുന്നില്ല, സർക്കാർ കെട്ടിടങ്ങളുടെപോലും നിർമ്മാണം നടത്താൻ ബഹുമാന്യയായ നിവേദിതാ പി. ഹരൻ റിപ്പോർട്ട് നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കഴിയുന്നില്ല. അതുകൊണ്ട് എനിക്ക് ധാരാളം കാര്യങ്ങൾ

ഇതുമായി ബന്ധപ്പെട്ട് പറയാനുണ്ട്. ഇതിനുമുമ്പ് ഇക്കാര്യത്തിൽ ധാരാളം റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. 1974-ലെ ശങ്കരനാരായണൻ റിപ്പോർട്ടും 1977-ലെ ദേവസ്യ കമ്മീഷൻ റിപ്പോർട്ടുമടക്കം ജനജീവിതം ഉറപ്പുവരുത്തുന്നതിനുവേണ്ടി ധാരാളം റിപ്പോർട്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. അന്തർദേശീയ തലത്തിലുള്ള ഗൂഢാലോചനയുടെ ഫലമായി ഇടുക്കിയിലെ മണ്ണ് പുറംലോകത്തേയ്ക്ക് വിൽക്കുന്നതുമായി ബന്ധപ്പെട്ട് ഇ.എഫ്.എൽ. ആയി, ഇ.എസ്.എ.ആയി ഡിക്ലയർ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് നിവേദിതാ പി. ഹരന്റെ റിപ്പോർട്ട് വന്നിട്ടുള്ളത്. അതുകൊണ്ട് ആ റിപ്പോർട്ട് മരവിപ്പിച്ചും പുനരന്വേഷണം നടത്തുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ ആലോചിച്ചും ജനജീവിതം ഉറപ്പ് വരുത്തണമെന്നാണ് എന്റെ ആവശ്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ദേവികുളം എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിനുള്ള വളരെ സംക്ഷിപ്തമായ മറുപടിയാണിത്. 03-05-2014-ലെ സർക്കാരവ് ഉത്തരവ് ജി. ഒ. (എം.എസ്) നമ്പർ 177/2014/ആർ.ഡി., 21-06-2014-ലെ ജി.ഒ. (എം.എസ്) നമ്പർ 264/2014/ആർ.ഡി എന്നിവ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. നിവേദിതാ പി. ഹരനെ ഇടുക്കി ജില്ലയിലെ

വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ കുറിഞ്ഞിമല സാങ്ച്വറിയിലെ സർക്കാർ ഭൂമി ഉൾപ്പെടെയുള്ള എല്ലാ ഭൂമിപ്രശ്നങ്ങളും പരിശോധിക്കുവാൻ നിയോഗിക്കപ്പെടുകയുണ്ടായി. അതനുസരിച്ച് ഡോ. നിവേദിതാ പി. ഹരൻ 23-10-2014-ന് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും സർക്കാർ പ്രസ്തുത റിപ്പോർട്ട് പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ തീരുമാനപ്രകാരം 16-02-2015-ലെ ജി. ഒ. (എം.എസ്) 69/2015/ആർ.ഡി പ്രകാരം 15 നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

പ്രസ്തുത ഉത്തരവിൽ വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകൾ അടങ്ങിയ അഞ്ചുനാട് എന്നറിയപ്പെടുന്ന വില്ലേജുകളിലെ (വട്ടവട, കൊട്ടക്കാമ്പൂർ, കാന്തല്ലൂർ, മറയൂർ കീഴാന്തൂർ) പരിസ്ഥിതി പ്രശ്നങ്ങൾ പരാമർശിക്കുകയും പരിസ്ഥിതിയ്ക്ക് അനുയോജ്യമല്ലാത്ത യൂക്കാലിപ്റ്റസ് ഗ്രാൻഡിസ് മരത്തിന്റെ കൃഷി നിർത്തലാക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കണമെന്നും Kerala Promotion of Tree Growth in Non-Forest Areas, Act 2005-ൽ ഭേദഗതി വരുത്തണമെന്നും അഞ്ചുനാട് പ്രദേശത്തെ എല്ലാ യൂക്കാലിപ്റ്റസ് തോട്ടങ്ങളും സർക്കാർ ഏറ്റെടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

കൂടാതെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിന്റെ സെക്ഷൻ 18 ബി പ്രകാരം

2008-ൽ കുറിഞ്ഞി സാങ്ച്വറിയുടെ അതിർത്തി നിർണ്ണയിക്കേണ്ടിയിരുന്നുവെന്നും വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ പട്ടയങ്ങളുടെ ആധികാരികത ഉറപ്പുവരുത്തേണ്ടിയിരുന്നുവെന്നും എന്നാൽ പലതരത്തിലുള്ള ക്രമസമാധാന പ്രശ്നങ്ങളും പട്ടയ ഉടമകളുടെ നിസ്സഹകരരണവുംമൂലം അത് നടപ്പാക്കാൻ കഴിയാതിരുന്നുവെന്നും നരീക്ഷിച്ചുകൊണ്ട് ലാൻഡ് റവന്യൂ കമ്മീഷണറെ വട്ടവട, കൊട്ടക്കാമ്പൂർ പ്രദേശങ്ങളിലെ പട്ടയങ്ങൾ/കൈവശങ്ങൾ പരിശോധിക്കുന്നതിനായും ദേവികുളം സബ്കളക്ടറെ ഫീൽഡ് തലത്തിൽ പരിശോധന നടത്തുന്നതിനായും നിയോഗിക്കുകയുണ്ടായി. കൂടാതെ പവർ ഓഫ് അറ്റോർണി ഉപയോഗിച്ചുകൊണ്ടുള്ള (1993-നുശേഷം) തമിഴ് വംശജരായ കുടിയേറ്റക്കാരിൽനിന്നുള്ള ഭൂമി കൈമാറ്റങ്ങളും പോക്കുവരവും പരിശോധിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഡോ. നിവേദിത പി. ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 16-12-2015-ലെ സർക്കർ ഉത്തരവനുസരിച്ചാണ് വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ പട്ടയങ്ങളുടെ പരിശോധന നടന്നുവരുന്നത്. കൈവശ രേഖ ലഭിക്കുന്നതിനോ നിർമ്മാണാനുമതി ലഭിക്കുന്നതിനോ പ്രത്യേക തടസ്സങ്ങളില്ല. പട്ടയം സംബന്ധിച്ച പരിശോധന നടത്തിയതിനുശേഷം കൈവശരേഖകളും

നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതിയും സമയബന്ധിതമായി നൽകുന്നുണ്ട്.

WP(C)No.34095/2007 (s)-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി 21-10-2010-ന് പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ജില്ലാ കളക്ടറുടെ/റവന്യൂ ഡിവിഷണൽ ഓഫീസറുടെ എൻ.ഒ.സി. വാങ്ങിയിരിക്കണമെന്ന് വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിലാണ് എൻ.ഒ.സി. നിർബന്ധമാക്കിയത്. 2010-ലെ മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ചിന്നക്കനാൽ, കണ്ണൻ ദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ വില്ലേജുകൾ മൂന്നാർ പ്രദേശത്തിൽ ഉൾപ്പെട്ടുവരുന്നതാണ്. ഈ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടി ആകെ 129 അപേക്ഷകളാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. അതിൽ 104 എണ്ണത്തിന് എൻ.ഒ.സി. നൽകിക്കഴിഞ്ഞു. ബാക്കിയുള്ളതിന് site visit വച്ചിരിക്കുകയാണ്. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ തീർപ്പാക്കാൻ കഴിയുമെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുമെന്ന് അറിയിച്ചിരുന്നുവെങ്കിലും യോഗം നടന്നില്ല. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതിയിൽ യോഗം ചേരണമെന്ന് അന്ന് വീണ്ടും അപേക്ഷിച്ചിരുന്നു. അത് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകൈയെടുക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഈ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ച് ചേർക്കാവുന്നതാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, സഭ അൽപനേരത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(ശ്രീ. കെ. എം. മാണി, ശ്രീ. ഒ. രാജഗോപാൽ ഒഴികെയുള്ള പ്രതിപക്ഷംഗങ്ങൾ ഡയസിനുമുന്നിൽവന്നിനിന്ന് സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 10.31-ന് സഭ അൽപനേരത്തേയ്ക്ക് നിർത്തിവയ്ക്കുന്നതായി അറിയിച്ചു.)